

↑ Snowflak Coral (Carijoa Riise)

കടൽ ചിത്രങ്ങൾ ● ഫ്രൻഡ്സ് ഓഫ് മറൈൻ ലൈഫ്

●

**കടലിനടിയിലെ കാണാജീവിതങ്ങൾ തേടിയൊരു യാത്ര. ആ യാത്രയിലേക്ക് റോബർട്ട് പനിപ്പിള്ള എത്തുന്നതിന് പിന്നിൽ ഒരു കഥയുണ്ട്. ഒരു ദൗത്യമുണ്ട്. വലിയ ലക്ഷ്യവുമായി കടലിന്റെ ആഴങ്ങളിലേക്ക് മുങ്ങാംകുഴിയിടുന്ന ഒരു കൂട്ടായ്മയുടെ സാഹസികത നമ്മളോട് ചിലതെല്ലാം പറയാതെ പറയുന്നുണ്ട്.**

●

# നിങ്ങൾ ഏത് കടലറിവാണ് സംരക്ഷിക്കുക?

**റോബർട്ട് പനിപ്പിള്ള**

തള്ളക്കരടി കുഞ്ഞുങ്ങളെ ഓമനിക്കുന്നതിന്റെ, മലഞ്ചരിവുകളിൽ വരയാടുകൾ മേയുന്നതിന്റെ, കൊമ്പന്മാർ തമ്മിൽ കൊമ്പുകോർക്കുന്നതിന്റെ തനിമയും മിഴിവുമുള്ള ചിത്രങ്ങൾ പകർത്തുന്നതിനുപിന്നിൽ ഒരു വന്യജീവി ഫോട്ടോഗ്രാഫറുടെ പ്രയത്നമെത്രയേറെയെന്ന് ഇപ്പോൾ ഏവർക്കുമറിയാം. അനുയോജ്യമായ സീസൺവരെ കാത്തിരുന്ന് ലക്ഷ്യം തേടി അവർ നടത്തുന്ന യാത്രകളെ കുറിച്ചും, അവരുടെ കാമറകളെക്കുറിച്ചും കാണാപാഠമാണ് ഇന്ന് പലർക്കും. എന്നാൽ, കടലിനടിയിൽ ഊളിയിട്ട് അവിടത്തെ കരകാണാകാഴ്ചകൾ പകർത്തുന്നവരുടെ പ്രയത്നം അറിയുന്നവരെത്ര പേരുണ്ടാകും? തിരകൾക്കപ്പുറം കടലിൽ വ്യത്യസ്തമായൊരു ലോകമുണ്ടെന്ന്, കുന്നും മലകളും താഴ്‌വാരങ്ങളുമുണ്ടെന്ന്, പരശ്ശതം ജീവജാലങ്ങളും കണ്ടുതീരാത്തത്രയും അദ്ഭുതങ്ങളുണ്ടെന്ന് ആരാണോർക്കുന്നത്?

ആ അദ്ഭുതലോകത്തിന്റെ കാവൽക്കാർ മുക്കുവരാണ്. നൂറ്റാണ്ടുകളായി നെലവും നക്ഷത്രക്കൂട്ടങ്ങളും തെളിക്കുന്ന വഴിയിലൂടെ കടലമ്മയുടെ മടിത്തട്ടിലേക്ക് അന്നന്നത്തെ വകതേടി തോണിയിറക്കുന്നവർ. ഒരു മുക്കുവന്റെ ജീവിതത്തി

ൻെറ മുക്കാൽപങ്കും കടലിനു നടുവിലാണെന്നു പറഞ്ഞാൽ അതിശയോക്തിയാവില്ല. കരയിലുള്ളപ്പോഴോ, കൂട്ടരോടൊത്ത് ചേലുപറച്ചിലിലും കടൽതന്നെ ആദ്യാവസാനം. അന്നു കല്ലുവെച്ച പാരുകളുടെ, വേട്ടയാടിയ വിരുകങ്ങളുടെ കഥകൾ. എൻെറ കുട്ടിക്കാലത്ത് ഇത്തരം കഥകളാൽ സമ്പന്നമായിരുന്നു തീരം.

വലിയതുറയിലെ അറിയപ്പെടുന്ന മത്സ്യത്തൊഴിലാളിയായിരുന്നു അച്ഛൻ പനിപ്പിള്ള. മീൻപിടിത്തത്തിലെ മികവുകൊണ്ടാണ് അച്ഛൻ അറിയപ്പെട്ടത്. കടലിൽപോയാൽ മീനില്ലാതെ മടക്കമില്ലെന്ന കണിശക്കാരൻ. എത്ര കോളുകൊണ്ട കാലത്താണെങ്കിലും അതിന് മാറ്റമില്ല. അതുകൊണ്ടുതന്നെ അച്ഛനൊപ്പം പണിക്കുപോകാൻ അധ്വാനികളായവരേ തയാറാവൂ. കന്യാകുമാരി ജില്ലയിലെ ഇനയം പുത്തൻതുറയാണ് അച്ഛൻെറ സ്വദേശം. കന്യാകുമാരിയിലെ തന്നെ കടിയപട്ടണം, കുളച്ചൽ, മുട്ടം തുടങ്ങിയ പേരുകേട്ട മത്സ്യബന്ധനഗ്രാമങ്ങളിലാണ് അച്ഛൻെറ ബന്ധുക്കൾ ഉള്ളത്. വലിയതുറയിലെ സീസൺ കാലത്ത് അവരിങ്ങോട്ടും അവിടത്തെ സീസണിൽ അച്ഛനും മൂത്ത ജ്യേഷ്ഠനും അങ്ങോട്ടും പോയിത്തങ്ങി മീൻ പിടിക്കാറുണ്ട്. ഈ പോക്കുവരവ് ചൂണ്ടപണിയിൽ ഉണ്ടാകുന്ന മാറ്റം അറിയാനും പഠിക്കാനുമുള്ള അവസരംകൂടിയാണ്.

നാൽപതുകളുടെ തുടക്കത്തിൽ വിവാഹിതനായി വലിയതുറയിൽ താമസമുറപ്പിക്കുമ്പോൾ അന്നിവിടത്തെ മീൻപിടിത്തക്കാർക്കിടയിലെ പ്രമാണിയായിരുന്നു ആരോഗ്യം പിരുസന്തി. കടലിലെ പാരുകളുടെ സ്ഥാനം കൃത്യമായി അറിയാവുന്ന ചുരുക്കം ചിലരിൽ ഒരാൾ. വന്ന് അധികം വൈകാതെ അച്ഛൻ ആരോഗ്യം പിരുസന്തിയുടെ കണ്ണിലെ കരടായി മാറി. രാവും പകലുമെന്നില്ലാതെ പണി ചെയ്തുള്ള ശീലവും പണിയിലെ തഴക്കവും ഒക്കെയായിരുന്നു കാരണം. ഒരു പാര് കണ്ടെത്തിയാൽ പിന്നെ ആരുടെയും സഹായമില്ലാതെ ഏതുസമയത്തും അച്ഛനവിടെ പോകും, മീനുമായി തിരികെ വരും. അച്ഛനെ തോൽപ്പിക്കാൻ ആരോഗ്യം പിരുസന്തിക്ക് ആകെയുണ്ടായിരുന്ന ആയുധം ചെറുമങ്കരപ്പാര് ആയിരു

**വലിയതുറയിലെ അറിയപ്പെടുന്ന മത്സ്യത്തൊഴിലാളിയായിരുന്നു അച്ഛൻ പനിപ്പിള്ള. മീൻപിടിത്തത്തിലെ മികവുകൊണ്ടാണ് അച്ഛൻ അറിയപ്പെട്ടത്. കടലിൽപോയാൽ മീനില്ലാതെ മടക്കമില്ലെന്ന കണിശക്കാരൻ. എത്ര കോളുകൊണ്ട കാലത്താണെങ്കിലും അതിന് മാറ്റമില്ല. അതുകൊണ്ടുതന്നെ അച്ഛനൊപ്പം പണിക്കുപോകാൻ അധ്വാനികളായവരേ തയാറാവൂ.**

↓ കക്ക ശേഖരണം



← റോബർട്ട് പനിപ്പിള്ള



ചിത്രം ● പി.ബി. ബിജു

ന്നു. വലിയതുറയിൽനിന്ന് 15 കിലോമീറ്റർ വടക്കുമാറി 24 ഫാതം (43.2 മീറ്റർ)ആഴമുള്ള കടലിനടിയിലെ കൂറ്റൻ പാറക്കൂട്ടം. കടുവമുതൽ കാക്കത്തമ്പുരാട്ടിവരെ വിരാജിക്കുന്ന കാട് എന്നു പറയുംപോലെ, നെടുവ മുതൽ കാക്കല്ലാത്തി വരെ വിലസുന്ന കടലിനടിയിലെ കാടായിരുന്നു ചെറുമങ്കര പാര്. ഈ പാരിൻെറ സ്ഥാനം അച്ഛനറിയില്ലായിരുന്നു. ആരോഗ്യം പിരുസന്തിയും കൂട്ടരും അതാർക്കും പറഞ്ഞുകൊടുത്തതുമില്ല. ഇതിൻെറ സ്ഥാനം കണ്ടെത്തുക എന്നത് അച്ഛന് വാശിയായി. ഒടുവിൽ അഞ്ചുദിവസം നീണ്ട സാഹസികശ്രമത്തിലൂടെ അച്ഛനാ പാര് കണ്ടെത്തി. കൂടെ എൻെറ മൂത്ത ജ്യേഷ്ഠൻ കമലപ്പനുമുണ്ടായിരുന്നു. പോരുപാട്ട് പാടിയും, മുറുക്കാൻ മുറുക്കിയും കാറ്റും കോളും വന്ന രാത്രി തടിയിൽ കഴിച്ചുകൂട്ടിയ കഥ ജ്യേഷ്ഠൻ വർണിക്കുന്നത് ഇപ്പോഴും ഓർമയിൽ തെളിഞ്ഞുനിൽക്കുന്നു.

തീരത്തെ ഏറ്റവും വലിയ കുടുംബത്തിൻെറ അമരക്കാരനെന്നനിലയിലും അച്ഛൻ അറിയപ്പെട്ടിരുന്നു. അച്ഛന് ഞങ്ങൾ പതിനാറു മക്കളാണ്. അതിൽ എട്ടാമനാണ് ഞാൻ. അച്ഛനും അമ്മയും നിരക്ഷരരായിരുന്നു. പക്ഷേ, കടലറിവിൻെറ കാര്യത്തിൽ അദ്ദേഹം അദ്ഭുതമായിരുന്നു; എല്ലാവർക്കും. സങ്കടമെന്തെന്നു വെച്ചാൽ, അമൂല്യമായ ആ അറിവുകൾ അച്ഛനോടൊപ്പം മൺമറഞ്ഞു എന്നതാണ്.

അന്നുകാലത്ത് തൊഴിലാളികൾ ഏറിയ പങ്കും നിരക്ഷരരാണ്. മറ്റെല്ലാ തനതു സമൂഹങ്ങളിലുമെന്നതുപോലെ ഞങ്ങൾക്കും സ്വന്തമായൊരു ഭാഷയുണ്ട്. ഒരു മുക്കുവൻെറ അറിവിൻെറ ആഴമെന്ന് പറയുന്നത് അയാൾ പണിയെടുക്കുന്ന പരിസരവുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. ഒരു പരിസ്ഥിതി ശാസ്ത്രജ്ഞനും ഈയൊരു വീക്ഷണകോണിൽ

**തീരത്തെ ഏറ്റവും വലിയ കുടുംബത്തിൻെറ അമരക്കാരനെന്നനിലയിലും അച്ഛൻ അറിയപ്പെട്ടിരുന്നു. അച്ഛന് ഞങ്ങൾ പതിനാറു മക്കളാണ്. അതിൽ എട്ടാമനാണ് ഞാൻ. അച്ഛനും അമ്മയും നിരക്ഷരരായിരുന്നു. പക്ഷേ, കടലറിവിൻെറ കാര്യത്തിൽ അദ്ദേഹം അദ്ഭുതമായിരുന്നു; എല്ലാവർക്കും. സങ്കടമെന്തെന്നുവെച്ചാൽ, അമൂല്യമായ ആ അറിവുകൾ അച്ഛനോടൊപ്പം മൺമറഞ്ഞു എന്നതാണ്.**

നിന്ന് കാര്യങ്ങൾ കാണാൻ ശ്രമിച്ചിട്ടില്ല. അങ്ങനെ കാണാൻ ശ്രമിക്കുന്ന അന്ന് മാത്രമേ ഈ സമൂഹത്തിൻെറ അറിവാഴം അംഗീകരിക്കപ്പെടൂ. മുക്കുവൻെറ അറിവ്, അനുഭവം, സംസ്കാരം ഇതെല്ലാം അവൻെറ ഭാഷയാണ്. വാമൊഴിയായി, പാട്ടുകളായി ഒക്കെയാണ് ഇത് തലമുറകളിലേക്ക് കൈമാറ്റംചെയ്യപ്പെടുന്നതും. ഇത് സാമാന്യഭാഷയിലേക്കാക്കാൻ ശ്രമം ഇതുവരെ നടന്നിട്ടില്ല. അഭിമുഖം നടത്തി കാര്യങ്ങൾ മനസ്സിലാക്കുന്നതും അവരോടൊപ്പം സഹവസിച്ച് ജീവിതം മനസ്സിലാക്കുന്നതും രണ്ടും രണ്ടാണ്. തനതു സമൂഹങ്ങളുടെ ജീവിതവും ജീവനവും കണ്ടറിഞ്ഞ് മനസ്സിലാക്കുന്നതുപോലെ എളുപ്പമല്ല മുക്കുവസമൂഹത്തിൻെറ കാര്യത്തിൽ. തൊഴി







↑ കക്കശേഖരണം-മറ്റൊരു ചിത്രം

**കാലം മാറിയതിനനുസരിച്ച് മത്സ്യബന്ധനരീതികളിലും മാറ്റം വന്നിട്ടുണ്ട്. രണ്ടോ മൂന്നോ പേര് കട്ടമരങ്ങളിൽ പായോടി പോയിരുന്നിടത്ത് ഇന്ന് എൻജിനുള്ള ബോട്ടുകളായി, ട്രോളിങ് വലകളായി, ജി.പി.എസായി. ഇതൊന്നുമില്ലാതിരുന്ന കാലത്താണ് അച്ഛനെപോലുള്ളവർ കടലിൽ പോയിരുന്നത്. കടലായിരുന്നു അവരുടെ പാഠപുസ്തകം.**

ലിന് നിയതമായ സമയക്രമമില്ല. മറ്റു പല ജോലി എടുത്താലും ഏതാണ്ടെല്ലാവരും പകൽസമയങ്ങളിൽ പണിയെടുക്കുന്നവരാണ്. രാത്രി വിശ്രമവും. രാത്രി പണിയെടുത്ത് പകൽ വിശ്രമിക്കുന്നവരുമുണ്ടാകാം. എന്നാൽ, മുക്കുവൻെറ കട്ടമരം കടലിലേക്കിറങ്ങിയാൽ കരയണയുന്നത് രാപ്പകലുകൾ കഴിഞ്ഞായിരിക്കും. അതുതന്നെ വന്നാൽ വന്നു എന്ന മട്ടിൽ തികച്ചും അരക്ഷിതമായ പോക്കാണ്. നടുക്കടലിൽ ഇത്രയും സമയം ഇവരെന്തു ചെയ്യുന്നുവെന്നോ എങ്ങനെ മീൻ തേടുന്നുവെന്നോ എന്തു കഴിക്കുന്നു, എങ്ങനെ ഉറങ്ങുന്നു എന്നോ ആർക്കുമറിയില്ല. അറിയണമെന്ന ആഗ്രഹവും ആർക്കുമില്ലെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. തിരികെ എത്തുന്ന തോണിക്കാരനിലല്ല, അവൻെറ വലയിലേക്കായിരിക്കും കണ്ണ്. നിറയെ മീനുണ്ടെങ്കിൽ എല്ലാവർക്കും ആവേശം. ഇല്ലെങ്കിൽ തിരിച്ചും. എന്തായിരുന്നു കടലിലെ അനുഭവം എന്നാരും ചോദിച്ചുകേട്ടിട്ടില്ല.

കാലം മാറിയതിനനുസരിച്ച് മത്സ്യബന്ധനരീതികളിലും മാറ്റം വന്നിട്ടുണ്ട്. രണ്ടോ മൂന്നോ പേര് കട്ടമരങ്ങളിൽ പായോടി പോയിരുന്നിടത്ത് ഇന്ന് എൻജിനുള്ള ബോട്ടുകളായി, ട്രോളിങ് വലകളായി, ജി.പി.എസായി. ഇതൊന്നുമില്ലാതിരുന്ന കാലത്താണ് അച്ഛനെപോലുള്ളവർ കടലിൽ പോയിരുന്നത്. കടലായിരുന്നു അവരുടെ പാഠപുസ്തകം. ഏറ്റിനങ്ങൾ കെട്ടിവെച്ച കട്ടമരവുമായി വിടിയവെള്ളിയും കണിയവെള്ളിയും ഉറ്റുനോക്കി, നെലവിൻെറ പാകമറിഞ്ഞ് ദിവസങ്ങളോളം പായോടി വലനിറയെ മീനുമായി മടങ്ങിയിരുന്ന മുക്കുവന്മാർ അന്നുണ്ടായിരുന്നു. കൈപത വഴക്കവും കണിച്ചംനോക്കുന്നതിലെ വൈദഗ്ധ്യവുംകൊണ്ട് അവർ ഓരോ കാലങ്ങളിൽ തുറയിലെ മുടിചൂടാമന്നന്മാരായി. അവരുടെ വീടുകൾക്ക് വാളത്തി സ്രാവിൻെറ വാളും കട്ടകുമാൻെറ കൊമ്പും തിരച്ചി വാലുകളും അലങ്കാരങ്ങളായി. ശിക്കാരിയുടെ അകത്തളങ്ങളിൽ കലമാൻകൊമ്പുകളും പോത്തിൻതലയും പരസ്പരം വേട്ടവീരസ്യം പങ്കുവെച്ചിരിക്കുന്നതുപോലെ. ആ തലമുറയുടെ നേരനുഭവം അവരോടൊപ്പം മാഞ്ഞുപോകാനനുവദിക്കാതെ എന്നാലാവുംവിധം രേഖപ്പെടുത്തണമെന്ന തോന്നലുണ്ടായത് അച്ഛൻെറ മരണത്തോടെയാണ്. ഞാൻ പ്രതിനിധാനം ചെയ്യുന്ന സമൂഹത്തിൻെറ ജീവിതം അടയാളപ്പെടുത്തുക, വരുംതലമുറക്കായി അത് സൂക്ഷിക്കുക എന്നതായിരുന്നു ലക്ഷ്യം. ജീവിതം എന്നു പറയുമ്പോൾ, സമുദ്ര




ചിത്രം • പി.ബി. ബിജു

ജൈവവൈവിധ്യത്തെ പറ്റി അവർക്കുള്ള അറിവിൻെറ ആഴം, അത് അടയാളപ്പെടുത്തുക എന്നതാണ്. ഒരു മത്സ്യത്തൊഴിലാളിയുടെ അറിവിൻെറ ആഴമനുസരിച്ചാണ് തൊഴിലിൽ അവൻെറ സ്ഥാനം നിർണയിക്കപ്പെടുന്നത്. പലപ്പോഴും ശാസ്ത്രസമൂഹം ഇവരുടെ ഈ കഴിവിനെ പരിഗണിക്കാറില്ല. അവരതിനെ മിക്കവാറും ഉപയോഗിക്കുന്നുണ്ട്, അവരുടെ പഠനഗവേഷണങ്ങൾക്കുവേണ്ടി. അല്ലാതെ ഈ സമൂഹത്തിൻെറ ജീവിതത്തിൻെറ ആഴം രേഖപ്പെടുത്താൻ ഉപയോഗിക്കുന്നില്ല. ആ ഒരു ചിന്തയിൽനിന്നാണ് FML (Friends of Marine Life )ൻെറ പിറവി. ലോകം ജൈവവൈവിധ്യ വർഷമായി ആചരിച്ച 2010ലാണ് FML എന്ന സംഘടനക്ക് ഞങ്ങൾ രൂപംകൊടുക്കുന്നത്. കരയിലെ ജൈവവൈവിധ്യമേഖല ഏതൊക്കെ എന്നും, അവിടം വാസസ്ഥാനമായുള്ള, വംശനാശഭീഷണി നേരിടുന്ന ജീവജാലം ഏതൊക്കെയെന്നും ലോകമെമ്പാടും തകൃതിയായി പഠനം നടക്കുന്നുണ്ട്. അവയെ സംരക്ഷിക്കാൻ സർക്കാർ, സർക്കാരിതര സംഘടനകളുണ്ട്, അവ സംരക്ഷിക്കപ്പെടേണ്ടതിൻെറ പ്രാധാന്യത്തെക്കുറിച്ച് ബോധവത്കരണ ക്ലാസുകൾ നടക്കുന്നുണ്ട്. ഇതുമായി താരതമ്യംചെയ്യുമ്പോൾ കടലിനടിയിലെ ആവാസവ്യവസ്ഥയെ കുറിച്ച പ്രവർത്തനം കുറവാണ്. കടലിനടിയിൽ ചെന്നെത്തിപ്പെടാൻ എല്ലാവർക്കുമാവില്ല എന്നതൊരു കാരണമായി പറയാം. പക്ഷേ, ലോകത്തിലെതന്നെ ഏറ്റവും പഴക്കമേറിയ തൊഴിലിടമെന്നനിലയിൽ, അതുകൊണ്ട് അതിജീവനംചെയ്യുന്ന തനതുവിഭാഗമെന്നനിലയിൽ ഞങ്ങളുടെ തൊഴിൽ, സംസ്കാരം, ജീവനം, ഭാഷ ഇവയൊന്നും ആഴത്തിൽ പഠനവിധേയമായിട്ടില്ല. അതിന് ശ്രമം തുടങ്ങിവെക്കുക എന്നതും ലക്ഷ്യമാണ്. ഇന്ന് FMLന് സ്വന്തമായൊരു അന്തർസമുദ്ര ഫോട്ടോഗ്രഫി ടീം ഉണ്ട്. ഇങ്ങനൊരു ടീം ഉണ്ടാക്കിയെടുക്കുക എളുപ്പമായിരുന്നില്ല. പ്രധാനകാരണം, ഈ രംഗത്ത് പ്രഗല്ഭരായവർ കുറവാണെന്നതുതന്നെ. ഇരുപതും മുപ്പതും നാൽപതും മീറ്ററൊക്കെ ആഴത്തിലേക്ക് പോയി വേണം ചിത്രമെടുക്കാൻ. അതിനു ആഴക്കടൽഡൈവിങ്ങിൽ പ്രാവീണ്യം വേണം, ഫോട്ടോഗ്രഫി അറിഞ്ഞിരിക്കണം. കുറച്ചുനാളത്തെ പരിശീലനംകൊണ്ട് ഒന്നുമാവില്ല എന്നറിയാവുന്നതിനാൽ ഈ മേഖലയിൽ അറിവും നമ്മുടെ പ്രവർത്തനങ്ങളോട് താൽപര്യവും ഉള്ളവരെ തിരഞ്ഞെടുക്കുകയായിരുന്നു. ടീമിലെ പ്രധാനികളായ മൂന്ന് പേർ -ചെന്നൈയിൽനിന്നുള്ള ശ്രീനിവാസ്. അദ്ദേഹം മറൈൻ ബയോളജിയിൽ ഗവേഷണം പൂർത്തിയാക്കി പിഎച്ച്.ഡിക്കായി കാത്തിരിക്കുന്നു. ബിഹാറിൽനിന്നുള്ള നിതേഷ് -പോണ്ടിച്ചേരി യൂനിവേഴ്സിറ്റിയിൽനിന്ന് എം.എസ്സി മറൈൻ ബയോളജി കഴിഞ്ഞയാളാണ്. മൂന്നാമത്തെയാൾ രാമേശ്വരംകാരനായ ബീമാരാജ്, സ്കൂബാ ഡൈവിങ് മാസ്റ്ററാണ്. മലയാളികൾ ഒന്നുരണ്ടുപേരെ ഉള്ളൂ. പരിമിതമായ സൗകര്യമേ ഉള്ളൂവെങ്കിലും ഈ ടീം ഇന്ത്യയിൽതന്നെ മികച്ച ഒന്നാണെന്ന് സംശയമില്ലാതെ പറയാം. കാരണം, സിംഗിൾ സിലിണ്ടറും സാധാരണ ഡൈവിങ് ജാക്കറ്റും കാമറയുമായി 43 മീറ്റർ വരെ താഴ്ചയിൽപോയി ചിത്രങ്ങളെടുക്കുക ചില്ലറക്കാര്യമല്ല. ഇങ്ങനെ മൂന്ന് പേരുമായി പോകുന്നതിന് ഒരു ദിവസത്തെ ചെലവ് അമ്പതിനായിരം രൂപ വരും. കാലാവസ്ഥ മാറിമറിയുന്നതിനനുസരിച്ച് നിശ്ചിതസമയത്തിനുള്ളിൽ ഉദ്ദേശിച്ചപോലെ ചിത്രം കിട്ടണമെന്നുമില്ല. എങ്കിലും ഇപ്പോഴുള്ള സൗകര്യം ഞങ്ങൾ പരമാവധി ഉപയോഗിക്കുന്നു. പരമ്പരാഗതമായി

കൈവന്ന കടലറിവുകളെ ശാസ്ത്രീയമായി സമർഥിക്കാൻ കഴിയുന്നു എന്നുള്ളതാണ് വലിയ നേട്ടം. ഈ രംഗത്തെ ഗവേഷകരായ ശാസ്ത്രജ്ഞർ ഇപ്പോഴും അതിനോടു പുറംതിരിഞ്ഞുനിൽക്കുന്നു. അത് വേദനയുളവാക്കുന്ന കാര്യമാണ്.

ഞങ്ങളെ വളർത്താനായി അച്ഛൻ തൊഴിലെടുത്തിരുന്ന ആ കടലിടങ്ങൾ, അതുമായി ബന്ധപ്പെട്ട കടലറിവുകൾ, പാരിസ്ഥിതികമായ പ്രത്യേകതകൾ അതൊക്കെ ഡോക്യുമെൻറ് ചെയ്താണ് തുടങ്ങിയത്. അതിനു സഹായിച്ചത് PCOയിൽ കമ്യൂണിറ്റി ഓർഗനൈസറായി ജോലിചെയ്ത കാലത്ത് തൊട്ടടുത്തുനിന്ന് കണ്ടറിഞ്ഞ ഗവേഷണപരിചയങ്ങളാണ്. കുഞ്ഞുന്നാൾ മുതൽ കണ്ടും അച്ഛനും ചേട്ടന്മാർക്കുമൊപ്പം കടലിൽ പോയനുഭവിച്ചുമറിഞ്ഞ കടലനുഭവങ്ങളുടെ ശാസ്ത്രീയവശങ്ങളും അങ്ങനെ മനസ്സിലാക്കാൻ പറ്റി. അറിയുന്തോറും പഠിക്കാനുള്ള ആവേശം കൂടുമെന്നാണല്ലോ. ഗവേഷണത്തിനാവശ്യമായതെല്ലാം സ്വയം പഠിക്കുകയായിരുന്നു, കടലിനടിയിലെ ഫോട്ടോഗ്രഫിവരെ. അച്ഛനോടൊപ്പം ഞാനും ചേട്ടന്മാരും പണിയെടുത്തിട്ടുള്ള കടൽപ്പാരുകളൊക്കെയാണ് ആദ്യമായി ഡോക്യുമെൻറ് ചെയ്തത്. അവിടത്തെ പ്രത്യേകതകളെ കുറിച്ചൊക്കെ പറഞ്ഞുവന്നപ്പോൾ ഇതൊക്കെ കേട്ടറിവുകളാണ്, അക്ഷരാഭ്യാസമില്ലാത്ത ആളുകൾ പറയുന്ന കെട്ടുകഥകളാണെന്ന് തള്ളാനായിരുന്നു പൊതുവേ താൽപര്യം. അതൊരു വാശിയായി. അങ്ങനെയാണ് കേരള സംസ്ഥാന ജൈവ വൈവിധ്യബോർഡിനെ സമീപിക്കുന്നത്. ബോർഡ് ചെയർമാനായിരുന്ന ഡോ.ഉമ്മൻ വി. ഉമ്മനാണ് അവസരം തന്നത്. ഇത്തരമൊരു പ്രോജക്ട് ചിട്ടയോടും ക്രമത്തോടുംകൂടി എങ്ങനെ ചെയ്യണമെന്നു പറഞ്ഞുതന്നതും അദ്ദേഹമാണ്. പിന്നെ നളിനിചേച്ചി - (നളിനി നായ്ക്കും )കേരള സർവകലാശാല അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ് വിഭാഗം മേധാവി ഡോ.ബിജുകുമാർ തുടങ്ങി ഇത്തരത്തിൽ പിന്തുണ തരുന്ന കരുത്തുറ്റ ഒരു സുഹൃദ്‌വലയമുണ്ടെനിക്ക്. 2013ൽ ഞങ്ങൾ ബോർഡിനുവേണ്ടി സമുദ്ര ജൈവവൈവിധ്യ രജിസ്റ്റർ തയാറാക്കി. ഇന്ത്യയിൽ ഇത്തരത്തിലൊരു പദ്ധതി ആദ്യമായിട്ടാണ്. അതിനു ശേഷം തിരുവനന്തപുരം ജില്ലയുടെ 20 കിലോമീറ്റർ കടൽത്തീരത്തോടു ചേർന്നുള്ള തീരത്തിൻെറ ജൈവവൈവിധ്യ രജിസ്റ്റർ തയാറാക്കുന്ന പ്രോജക്ട് ചെയ്തു. ആദ്യം ചെയ്തത് കടലിൽനിന്ന് കരയിലേക്കെത്തുന്ന ജീവിവർഗത്തിൻെറ കണക്കെടുപ്പാണ്. അങ്ങനെ രജിസ്റ്റർ ചെയ്തുതുടങ്ങിയപ്പോൾതന്നെ ഞങ്ങൾക്കു മനസ്സിലായി കടലിനടിയിലുള്ള ജീവജാലങ്ങളെക്കൂടി ഉൾപ്പെടുത്താതെ ഇത് പൂർണമാവില്ല എന്ന്. തീരത്തെത്തുന്നവയുടെ മാത്രം കണക്കെടുക്കുന്നത് ശരിയായ രീതിയല്ല. ജീവജാലങ്ങളിൽ വളരെ ചെറിയൊരളവ് മാത്രമേ കരയിലേക്കു വരൂ. പക്ഷേ, അത്രയും വിശാലമായി ചെയ്യാനുള്ള പണമോ സജ്ജീകരണങ്ങളോ ആദ്യം ലഭിച്ചിരുന്നില്ല. ഈ 20 കിലോമീറ്റർ ചെയ്തുകഴിഞ്ഞപ്പോൾ ജില്ല മുഴുവൻ ചെയ്യണമെന്ന ആവശ്യമുയർന്നു. ഇത്തവണ ശരിയായ രീതിയിൽ കടലിനടിയിലുള്ളവയെക്കൂടി ഉൾപ്പെടുത്തി പഠനം നടത്തണമെന്ന് ഞങ്ങൾ ശക്തമായി ആവശ്യപ്പെട്ടു. അതനുസരിച്ച് ഞങ്ങളുടെ ശമ്പളംവരെ ചെലവഴിച്ചാണ് അത് പൂർത്തിയാക്കിയത്. അത് വളരെ പണച്ചെലവുള്ള കാര്യമായിരുന്നെങ്കിലും ഞങ്ങൾക്കത് വേണമായിരുന്നു. കാരണം, ഞങ്ങൾ ചെയ്യുന്ന പ്രവർത്തനം വിശ്വസനീയമായി എവിടെയെങ്കിലും അവതരിപ്പിക്കണമെങ്കിൽ ഈ പഠനറിപ്പോർട്ട് അത്യാവശ്യമാണ്. 2000ത്തിലാണ് ഞാൻ ഡോക്യുമെൻേറഷൻ ആരംഭിക്കുന്നത്. എന്നിട്ടും കടലിനടിഭാഗത്തെക്കുറിച്ച് പഠനം നടത്താനുള്ള അവസരത്തിനായി 14 വർഷം കാത്തിരിക്കേണ്ടി വന്നു. കേരളത്തിലും ഇന്ത്യക്കകത്തുമായി ഈ രംഗത്ത് ഗവേഷണം നടത്തുന്ന ഒരുപിടി സ്ഥാപനങ്ങളുണ്ട്. ഈ പറയുന്ന ആരും മത്സ്യത്തൊഴിലാളികളുടെ ജീവിതവുമായി ബന്ധപ്പെട്ട ഈ ആവാസവ്യവസ്ഥയെ കുറിച്ച് പഠിക്കാൻ മുന്നിട്ടിറങ്ങിയിട്ടുണ്ടായിരുന്നില്ല. ഇപ്പോഴെങ്കിലും അത് ചെയ്യാനാരംഭിച്ചതിൽ വലിയ സന്തോഷമുണ്ട്.

സമീപകാലത്തെ ഒരുദാഹരണം പറയാം. വിഴിഞ്ഞം തുറമുഖത്തിനായി ഡ്രെഡ്ജിങ് തുടങ്ങുന്നതിനു തൊട്ടുമുമ്പ് ഞങ്ങളവിടെയുള്ള കടൽപ്പാരുകളുടെ ചിത്രങ്ങളെടുത്തിരുന്നു. പാരിസ്ഥിതികമായി വളരെയേറെ പ്രത്യേകതകളുള്ള തീരമാണത്. കരയിൽനിന്ന് കടലിലേക്കിറങ്ങിനിൽക്കുന്ന പാറകളും കരയോടു ചേർന്ന് മലകളുമുള്ള പരിസ്ഥിതിലോല മേഖല. ഈ പാറകളെയും മലകളെയും ചുറ്റിപ്പറ്റി സവിശേഷമായ ആവാസവ്യവസ്ഥയുണ്ട്. മത്സ്യങ്ങൾ മാത്രമല്ല, മറ്റു

**അച്ഛനോടൊപ്പം ഞാനും ചേട്ടന്മാരും പണിയെടുത്തിട്ടുള്ള കടൽപ്പാരുകളൊക്കെയാണ് ആദ്യമായി ഡോക്യുമെൻറ് ചെയ്തത്. അവിടത്തെ പ്രത്യേകതകളെ കുറിച്ചൊക്കെ പറഞ്ഞുവന്നപ്പോൾ ഇതൊക്കെ കേട്ടറിവുകളാണ്, അക്ഷരാഭ്യാസമില്ലാത്ത ആളുകൾ പറയുന്ന കെട്ടുകഥകളാണെന്ന് തള്ളാനായിരുന്നു പൊതുവേ താൽപര്യം. അതൊരു വാശിയായി.**



↑ Snowflak Coral



↑ റോബർട്ട് പനിപ്പിള്ള കടലിനടിയിൽ

ജീവജാലങ്ങളും കൂടി ചേർന്ന് സൃഷ്ടിക്കുന്ന കടൽപ്പാരുകൾ. നൂറ്റാണ്ടുകൾകൊണ്ടു രൂപമെടുത്തവ. ഇത്തരം പാരുകൾ വളരെ കുറവാണ്. തിരുവനന്തപുരം ജില്ലയിൽ കോവളം മുതൽ ചൊവ്വര വരെ ഏഴു കിലോമീറ്ററും വർക്കലയിലെ അഞ്ചുകിലോമീറ്ററും വരുന്ന തീരം ഇത്തരത്തിൽ വളരെ പ്രാധാന്യമുള്ള സ്ഥലങ്ങളാണ്. കോവളത്ത് നമ്മൾ കരയിൽ കാണുന്ന കരിമ്പാറക്കൂട്ടങ്ങളുടെ തുടർച്ച കടലിലേക്കുമുണ്ട്. വർക്കലയിലെത്തുമ്പോൾ അത് ലാറ്ററെറ്റ് പാറകളാണ്. പലതരം ജീവികൾക്ക് കൂടൊരുക്കാനും മുട്ടയിടാനും ഒളിച്ചിരിക്കാനും പറ്റുന്ന തരത്തിൽ മാളങ്ങളും വിടവുകളുമൊക്കെ നിറഞ്ഞതാണീ പാറകൾ. പിന്നെ അതിൽ പറ്റിപ്പിടിച്ച് വളരുന്ന കടൽസസ്യങ്ങൾ, വിവിധതരം കടലൊച്ചുകൾ, നിരവധി സൂക്ഷ്മജീവികൾ. കരയിലാണെങ്കിൽ പശ്ചിമഘട്ടത്തോളം പ്രാധാന്യവും സംരക്ഷണവും അർഹിക്കുന്ന ജൈവവൈവിധ്യ മേഖല. ഇത്തരം സ്ഥലങ്ങളിൽ എന്തെങ്കിലും ചെയ്യുന്നതിനു മുമ്പ് പാരിസ്ഥിതിക ആഘാതപഠനം നടത്തണം

**കോവളം മുതൽ വിഴിഞ്ഞം മുല്ലൂർ വരെയുള്ള കടലിന്റെ അടിത്തട്ടിലെ കടൽപ്പുറ്റുകളിൽ ഈയിടെ ഞങ്ങൾ നാല് ജൈവജാതിയിൽപെട്ട ഒച്ചുകളെ കണ്ടെത്തിയിരുന്നു. ഇന്ത്യയിൽ ഇവ ആദ്യമായാണ് കാണപ്പെടുന്നതെന്ന് പെനാങ്ങിൽ നടന്ന മാലക്കോളജി വിഭാഗത്തിന്റെ ലോക കോൺഗ്രസിലും ശാസ്ത്രജ്ഞർ സ്ഥിരീകരിച്ചു.**

എന്നുണ്ട്. അതിനോടനുബന്ധിച്ച് ജീവിക്കുന്നവരുടെ ജീവനത്തെയും തൊഴിലിനെയും ബാധിക്കുന്ന വിധത്തിലുള്ള ഒരു പ്രവൃത്തിയും ചെയ്യരുതെന്ന്, അഥവാ ചെയ്യുന്നുണ്ടെങ്കിൽ അതിനുള്ള മുൻകരുതൽ എടുക്കണമെന്ന്, നാശനഷ്ടങ്ങളുണ്ടായാൽ അത് നികത്താൻ ഈ മുന്നിട്ടിറങ്ങിയവർ ബാധ്യസ്ഥരാണെന്നും ഒക്കെ നിയമങ്ങളുണ്ട്. പക്ഷേ, യഥാർഥത്തിൽ സംഭവിക്കുന്നതെന്താണ്? കമ്പനിക്കു ദോഷകരമായതെല്ലാം ഒഴിവാക്കിയുള്ള പാരിസ്ഥിതിക പഠനറിപ്പോർട്ട്, അത് അനുകൂലിക്കുന്ന കരാറും. ഇതിനെല്ലാം പുറമേ, നിങ്ങൾക്ക് നല്ലകാലം വരാനിരിക്കുന്നു എന്ന മട്ടിൽ പാവങ്ങളായ തദ്ദേശീയരോടുള്ള മോഹനവാഗ്ദാനങ്ങളും നുണപ്രചാരണങ്ങളും. വിഴിഞ്ഞത്തെ കടലിൽ കുറെ പാറകളുണ്ട്, അതാണ് പൊട്ടിക്കുന്നത് എന്നതായിരുന്നു കമ്പനിന്യായം. പക്ഷേ, അതൊന്നും വെറും പാറകളല്ല, അതിന്മേൽ സൂക്ഷ്മവും സവിശേഷവുമായ ഒരാവാസവ്യവസ്ഥ തന്നെയുണ്ടെന്ന് പറയാൻ ഒരു സമുദ്രഗവേഷകനോ ശാസ്ത്രജ്ഞനോ പോലും മുന്നോട്ടുവന്നില്ല. കരയിലാണെങ്കിലോ? ഇത്തരം വിഷയങ്ങളിൽ ആദ്യം പ്രതികരിക്കുക ആ വിഷയവുമായി ബന്ധപ്പെട്ട വിദഗ്ധരല്ലേ? ആരും മിണ്ടിയില്ല. ഡ്രഡ്ജിങ്ങിനു ശേഷവും ഞങ്ങളവിടെ പോയി ചിത്രമെടുത്തിരുന്നു. മുക്കാൽകിലോമീറ്ററോളം വ്യാപിച്ചുകിടന്നിരുന്ന സെബല്ലാറിഡെ (SEBELLARIDEA) കുടുംബത്തിൽപെട്ട കടൽവിര (sea worms)കളുടെ ആവാസകേന്ദ്രമായിരുന്നു പ്രധാനമായും മുമ്പിവിടം. പിന്നെ അവയോടനുബന്ധിച്ചുള്ള സൂക്ഷ്മജീവികളും അതിനെ ആശ്രയിച്ചുകഴിയുന്ന മറ്റുള്ളവയും. അങ്ങനെ വിപുലമായ ഒരു ജൈവശൃംഖലതന്നെയാണ് തുടച്ചുനീക്കപ്പെട്ടത്. ഇപ്പോൾ അവിടം മരുഭൂമിക്കു സമാനമാണ്. അതുപോലെ മറ്റൊരു സംഭവമാണ് 2016 ജനുവരിയിൽ കോവളത്തെ സാംകുട്ടി എന്ന മത്സ്യത്തൊഴിലാളിയുടെ സഹായത്തോടെ അവിടത്തെ ഒരു പാരിൽ അപകടകാരിയായ ഒരു സ്

പീഷിസിനെ കണ്ടെത്തിയത്. ലോകത്താദ്യമായി ഇതിൻെറ സാന്നിധ്യമറിയിക്കുന്നത് 1972ൽ ഹവായ് ദ്വീപിലാണ്. അതിനെ കണ്ടെത്തി ചുരുങ്ങിയ കാലംകൊണ്ട് അവിടത്തെ കടലിലെ ആവാസവ്യവസ്ഥയിൽ വളരെയധികം നാശമുണ്ടാക്കി. ആ ജീവിയെയാണ് നമ്മളിപ്പോൾ ഇവിടെ കണ്ടെത്തിയത്. പത്രങ്ങളിലൊക്കെ വർണച്ചിത്രമടക്കം വാർത്ത വന്നിരുന്നു. ഇനിയും അതെന്തുമാത്രം നശീകരണം ഇവിടെ നടത്തിയെന്നു പഠിക്കാനോ, അതിനെ നിയന്ത്രിക്കാനോ ഉള്ള ഒരു ശ്രമവും ഉണ്ടായിട്ടില്ല. കോവളത്തുനിന്ന് പ്രാദേശികമായി കിട്ടുന്ന വിവരമനുസരിച്ച് അതവിടമാകെ പടരുന്നുണ്ട്. അത് നിയന്ത്രിക്കാനുള്ള മാർഗങ്ങൾ ഞങ്ങൾക്കറിയാം. പക്ഷേ, അതിനാവശ്യമായ പിന്തുണ, സാങ്കേതിക സഹായം ഒക്കെ വേണം. പക്ഷേ, ഇവിടത്തെ സമുദ്രഗവേഷകരായ ശാസ്ത്രജ്ഞർക്ക് ഇതൊന്നും വിഷയമേയല്ല.

കോവളം മുതൽ വിഴിഞ്ഞം മുല്ലൂർ വരെയുള്ള കടലിൻെറ അടിത്തട്ടിലെ കടൽപ്പാറ്റുകളിൽ ഈയിടെ ഞങ്ങൾ നാല് ജൈവജാതിയിൽപെട്ട ഒച്ചുകളെ കണ്ടെത്തിയിരുന്നു. ഇന്ത്യയിൽ ഇവ ആദ്യമായാണ് കാണപ്പെടുന്നതെന്ന് പെനാങ്ങിൽ നടന്ന മാലക്കോളജി വിഭാഗത്തിൻെറ ലോക കോൺഗ്രസിലും ശാസ്ത്രജ്ഞർ സ്ഥിരീകരിച്ചു. ഗ്ലോസോഡോറിസ് റുഫോമക്കുലറ്റസ്, ഗോണിയോബ്രാങ്കസ് അനുലാറ്റസ്, ഹെപ്സലോഡോറിസ് നിഗ്രോസ്ട്രാറ്റ, ഹോപ്ലോഡോറിസ് ഫൽമിയ എന്നീ ജാതിയിൽപെട്ട കടൽ ഒച്ചുകളാണിവ. വളരെ ലോലമായ ജീവഘടനയുള്ള ഇവ ജീവിക്കുന്ന കടൽപുറ്റടക്കമുള്ള ചുറ്റുപാടുകളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഇവയെ പ്രതികൂലമായി ബാധിക്കുമെന്ന് ഗവേഷകർ പറയുന്നു. വിഴിഞ്ഞത്തെ തുറമുഖനിർമാണത്തോടനുബന്ധിച്ചു നടത്തുന്ന ഡ്രെഡ്ജിങ് ഇവയുടെ നിലനിൽപിനും ഭീഷണിയായേക്കാമെന്ന ആശങ്ക ഈ രംഗത്തെ ഗവേഷകരും ശാസ്ത്രജ്ഞരുമെല്ലാം പങ്കുവെക്കുന്നുണ്ട്. കടൽപുറ്റുകളും പവിഴപ്പുറ്റുകളും സംരക്ഷിക്കാൻ രാജ്യത്തെ ബാധ്യസ്ഥമാക്കുന്ന ജൈവവൈവിധ്യ കൺവെൻഷനിൽ (സി.ബി.ഡി) 1994ൽ ഇന്ത്യ ഒപ്പുവെച്ചിട്ടുണ്ടെങ്കിലും ഇത്തരം അപൂർവ ജൈവജാതികളെ സംരക്ഷിക്കാനുള്ള നടപടികൾക്കോ കരാറിനോ ഇപ്പോഴും രൂപംകൊടുത്തിട്ടില്ല എന്നുള്ളതാണ് വാസ്തവം.

ഇനിയും ചെയ്യാൻ വൈകിക്കരുതാത്ത ഒരു കാര്യം 590 കിലോമീറ്റർ വരുന്ന നമ്മുടെ കടൽത്തീരമെങ്കിലും 15-20 മീറ്റർ ആഴത്തോളം മാപ്പ് ചെയ്ത് ഇത്തരം സംരക്ഷണമർഹിക്കുന്ന കടൽപ്പാരുകൾ രേഖപ്പെടുത്തുക എന്നുള്ളതാണ്. സംരക്ഷണത്തിൻെറ ആദ്യപടിയാണല്ലോ അത്. ഏറിയപങ്കും കടൽത്തീരമുള്ള, മത്സ്യബന്ധനം പ്രധാന വരുമാനമാർഗങ്ങളിലൊന്നായ നമ്മുടെ സംസ്ഥാനത്തിന് ഇത്രയെങ്കിലും ചെയ്യാനുള്ള ബാധ്യതയില്ലേ?

●

**അഭിമുഖം / എഴുത്ത്:**
**മേരി സാമുവൽ**

സൂചിക: നെലവ് -നിലാവ്, പാര് -reef, വിരുകം -വലിയ മീനുകളെ പൊതുവെ പറയുന്ന പേര്, വിടിയവെള്ളി -ശുക്രൻ, കണിയവെള്ളി -ധ്രുവനക്ഷത്രം.

↓ റോബർട്ട് പനിപ്പിള്ളയും സാംകുട്ടിയും

